प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

സെപ്റ്റംബർ 25, 2019

**ലഖ്നോവിലെ(ഉത്തർപ്രദേശ്), യുപി സിവിൽ സെക്രട്ടറിയേറ്റ് പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ, ആർബിഐ ദീർഘിപ്പിച്ചു**

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർ ബി ഐ) ലഖ്നോവിലെ യുപി സിവിൽ സെക്രട്ടറിയേറ്റ് പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണനിർദ്ദേശങ്ങൾ, പുനരവലോകനത്തിനു വിധേയമായി, 2019 സെപ്തംബർ 26 മുതൽ 2020 മാർച്ച് 25 വരെ ആറുമാസക്കാലത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ 25 മുതൽ 1949- ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A, സബ് സെക്ഷൻ (1) പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു.

2019 സെപ്റ്റംബർ 24 ലെ ഉത്തവിൻ പ്രകാരം, 2019 സെപ്റ്റംബർ 25 വരെ പ്രബല്യമുണ്ടായിരുന്ന ഈ നിർദ്ദേശങ്ങളുടെ സാധുത, പുനരവലോകനത്തിനു വിധേയമായി, 2019 സെപ്റ്റംബർ 26 മുതൽ 2020 മാർച്ച് 25 വരെ ആറുമാസ ക്കാലത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. 2019 സെപ്തംബർ 24 ലെ ഉത്തരവിന്റെ ഒരു കോപ്പി, പൊതുജനങ്ങൾക്ക് വായിച്ചറിയുവാൻ വേണ്ടി, ബാങ്ക്മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതിയെ, ബാങ്കിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടതായോ, മോശപ്പെട്ടതായോ, റിസർവ് ബാങ്കിന് ബോധ്യം വന്നതിനാലാ ണെന്നുകരുതേണ്ടതില്ല. സാഹചര്യങ്ങളനുസരിച്ച്, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഈ ഉത്തരവിന് ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിച്ചേക്കാം.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് : 2019-2020/785**